# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-11/1083/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-11/1083/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീമതി.എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.രഞ്ജു പ്രകാശ്,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ലക്ഷ്മികാന്ത്.പി,ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ഗീതാ കാർത്തികേയൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗീതാകുമാരി പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജാനിഷ് റോസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ജയശ്രീ.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 19-04-2022 |
| ഡോ.ലിറ്റി.എം.ചെറിയാൻ | വെറ്ററിനറി സർജൻ | 20-04-2022 | 31-03-2023 |
| ഡോ. ബാലരാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. മെഴ്സി ജോസ് | മെഡിക്കൽഓഫീസർ(ആയൂർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സജില എസ് പിള്ള | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2022 | 31-10-2022 |
| ഡോ.നിജിൽ ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-11-2022 | 31-03-2023 |
| ശ്രീമതി.അനില ശശിധരൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശിവപ്രസാദ് എസ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലീന ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ഗോപാലകൃഷ്ണൻ എസ് | അസ്സി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ലീന ഡെന്നീസ് | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതിശ്രീലത എസ്. | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 30-06-2022 |
| ശ്രീമതി.മായ.പി.ആർ | ഹെഡ്മിസ്ട്രസ്സ് | 01-07-2022 | 31-03-2023 |
| ശ്രീമതി.പ്രസീത കെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,മായിത്തറ(കഞ്ഞികുഴി ചാർജ്ജ്) | 01-04-2022 | 02-08-2022 |
| ശ്രീ.പ്രവീൺ.കെ.കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,മായിത്തറ | 02-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ജോസഫ്.റ്റി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,കഞ്ഞിക്കുഴി | 02-08-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തിയ്ക്കായി നല്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തവ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്ന ഫണ്ടിനത്തിൽ ഏ സി ആർ പ്രകാരമുളള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സ്ഥിര നിക്ഷേപം പലിശ, നീക്കിബാക്കി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡിപ്പോസിറ്റ് രജിസ്റ്ററിലെ ചില തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | എം.ജി.എൻ.ആർ.ഇ.ജി.എസ്. - എം ഐ സ്റ്റേറ്റ്മെന്റിലെ ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി -കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല - കൃത്യത പരിശോധിയ്ക്കാനായില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 21 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല -വരുമാന നഷ്ടം 5,000/- | 1-11 |
| 22 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി- 8,877/- രൂപയുടെ വരുമാന | 1-12 |

| | | |
|---|---|---|
| | നഷ്ടം | |
| 23 | ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല-13,751/- രൂപ വരുമാന നഷ്ടം | 1-13 |
| 24 | വസ്തുനികുതി- തുക അക്കൌണ്ട് ചെയ്യാതെ ഡിമാന്റിൽ നിന്ന് ഒഴിവാക്കി | 1-14 |
| 25 | ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 1-15 |
| 26 | ടെണ്ടർ പരസ്യം - അപാകതകൾ | 1-16 |
| 27 | ബേബി ഫ്രണ്ടിലി ടോയിലെറ്റ് - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-17 |
| 28 | പി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-18 |
| 29 | പാലിയേറ്റീവ് പരിചരണ പദ്ധതി - അപാകതകൾ | 1-19 |
| 30 | വൃദ്ധർക്ക് കട്ടിൽ -എസ്.സി - അപാകതകൾ | 1-20 |
| 31 | ബഡ്സ് സ്കൂൾ - ഭക്ഷണം, കുക്കിന് വേതനം - അപാകതകൾ | 1-21 |
| 32 | കന്നുകുട്ടി പരിപാലനം-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 33 | ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-23 |
| 34 | സംയുക്ത പ്രോജക്റ്റുകളുടെ വിഹിതമിനത്തിൽ പഞ്ചായത്തിന് ലഭിച്ച തുക - മുൻബാക്കി തുക നാളിതുവരെ ചെലവ് ചെയ്തില്ല | 1-24 |
| 35 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ - മുഴുവൻ സാധനങ്ങളും ലഭ്യമായില്ല- 41,987/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 36 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ തുക അധികം നല്കി | 1-26 |
| 37 | സ്റ്റോക്ക് രജിസ്റ്റർ ശരിയായ വിധം പരിപാലിക്കുന്നില്ല | 1-27 |
| 38 | ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല | 1-28 |
| 39 | ഗുണഭോക്തൃ വിഹിതമിനത്തിൽ 1,26,227/- രൂപ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു | 1-29 |
| 40 | പുളിച്ചുവട് വാതറ കാന നിർമ്മാണം - കരാറുകാരന് അധിക തുക നൽകി | 1-30 |
| 41 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരമില്ല | 1-31 |
| 42 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-32 |
| 43 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-33 |
| 44 | ഓഡിറ്റ് ഇംപാക്ട് | 1-34 |
| 45 | കൈതളായി വള്ളാട്ട് തോട് നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു | 1-35 |
| 46 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-36 |

| | | |
|---|---|---|
| ഭാഗം **2** | | |
| 1 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല -വരുമാന നഷ്ടം 5,000/- | 2-1 |
| 2 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി- 8,877/- രൂപയുടെ വരുമാന നഷ്ടം | 2-2 |
| 3 | ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല-13,751/- രൂപ വരുമാന നഷ്ടം | 2-3 |
| ഭാഗം **3** | | |
| 1 | വിൻഡോ രൂപത്തിലുള്ള ടെണ്ടർ പരസ്യം- നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതലായത് അധിക ചെലവിനിടയാക്കി | 3-1 |
| 2 | പുളിച്ചുവട് വാതറ കാന നിർമ്മാണം - നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 3 | കൈതളായി വള്ളാട്ട് തോട് നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.07.2023 ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 (വർഷം) അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു .

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :

തീയതി : സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 നിക്ഷേപ പ്രവൃത്തിയ്ക്കായി നല്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തവ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം സോഷ്യോ – ഇക്കണോമിക് യൂണീറ്റ് ഫൌണ്ടേഷനിൽ ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് അംഗനവാടി നം.42, വാർഡ് നം. 8 (പ്രോജക്ട് നം. 224/23) എന്ന പ്രോജക്ട് പ്രകാരം 1,91,361 /- രൂപ നിക്ഷേപ പ്രവർത്തികൾക്കായി നിക്ഷേപിച്ചിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപ്പത്രം ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ൽ തുക ഉൾപ്പെട്ട് വന്നിട്ടില്ല.

1-1-4 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്ന ഫണ്ടിനത്തിൽ ഏ സി ആർ പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്ന ഫണ്ടിൽ ഏ സി ആർ പ്രകാരമുള്ള ചെലവ് തുക 66,34,867/-രൂപ, നീക്കി ബാക്കി 5,133/- രൂപയാണ്. വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുക -66,16,708/-രൂപ, നീക്കി ബാക്കി 23,292/- രൂപയാണ്. വ്യത്യാസം -18,159/-രൂപ.

1-1-5 സ്ഥിര നിക്ഷേപം പലിശ, നീക്കിബാക്കി തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

തൻവർഷം സ്ഥിര നിക്ഷേപം ഇനത്തിൽ നിക്ഷേപതുക – 39,61,746/-രൂപയാണ്. തൻവർഷത്തെ പലിശയിനത്തിൽ -2,80,832/- രൂപയാണ്. എന്നാൽ, ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ -ബി -12-ൽ നീക്കിബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക – 42,37,621. യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ് (നിക്ഷേപതുക (+) പലിശ ) 42,42,578/- രൂപയാണ്.

1-1-6 ഡിപ്പോസിറ്റ് രജിസ്റ്ററിലെ ചില തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

Contractors Retention വാർഷിക കണക്ക് പ്രകാരമുള്ള വരവ് (ഷെഡ്യൂൾ RP – 33) 61,589/-രൂപയും രജിസ്റ്റർ പ്രകാരം 97,884/-രൂപയും ആണ്.
Suppliers Retention വാർഷിക കണക്ക് പ്രകാരമുള്ള വരവ് (ഷെഡ്യൂൾ RP – 33) 25,521/-രൂപയും രജിസ്റ്റർ പ്രകാരം 70,152/-രൂപയും ആണ്.
Deposits Received For Halls &Auditoriums വാർഷിക കണക്ക് പ്രകാരമുള്ള വരവ് ( ഷെഡ്യൂൾ RP – 33 (R) ) 26,000/-രൂപയും രജിസ്റ്റർ പ്രകാരം 31,000/-രൂപയും ആണ്.
ഈ ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് (ഷെഡ്യൂൾ RP – 33 (P)) 15,000/-രൂപയും രജിസ്റ്റർ പ്രകാരം 20,000/-രൂപയും ആണ്.

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഉടങ്ങിയവയുടെ ലെഡ്ജറിൽ വർഷവാസനം ആണ് ഡിമാന്റ് എൻട്രി വരുത്തുന്നത്.

1-1-8 എം.ജി.എൻ.ആർ.ഇ.ജി.എസ്. - എം ഐ സ്റ്റേറ്റ്മെന്റിലെ ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 12,32,81,000/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ്

ഷെഡ്യൂൾ I- 6 പ്രകാരമുള്ള ആകെ റെവന്യൂ ചെലവും (11,74,97,864/-രൂപ) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ പ്രകാരമുള്ള തുകയും (57,99,056/-രൂപ) ചേർന്ന തുക 12,32,96,920/-രൂപയെന്ന് കാണുന്നു.

1-1-9 സഞ്ചയ പ്രകാരമുള്ള വസ്തുനികുതി -കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി DCB പരിശോധിച്ചതിൽ ഡിമാന്റ് തുകകൾ വാർഷിക കണക്കിലെ ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-10 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല - കൃത്യത പരിശോധിയ്ക്കാനായില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 22.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. 22.03.2023 -ലെ തീരുമാനം നം. 1(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 34,70,60,442 | 35,11,94,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 23,38,75,866 | 23,74,78,205 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,22,99,750.85 |
| വരവ് | 6,22,10,877 |
| ആകെ | 84,510,627.85 |
| ചെലവ് | 5,47,71,519 |
| നീക്കിയിരിപ്പ് | 29,739,108.85 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 2,46,89,000 | 2,46,89,000 | 2,13,66,034 | 3322966.00 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 45,04,000 | 45,04,000 | 40,81,464 | 4,22,536.00 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 77,03,000 | 77,03,000 | 63,74,551 | 13,28,449 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 66,40,000 | 66,40,000 | 6634867 | 5,133 |
| 13-ാം ധനകാര്യകമ്മീഷൻഗ്രാന്റ് (Tied) Treasury | 0 | 36,06,598 | 36,06,598 | 15,66,762 | 20,39,836 |
| Tied Bank | 18,11,950 | 50,96,000 | 69,07,950 | 47,84,717 | 21,23,233 |
| Untied Bank | 2,67,367 | 3555862 (Interest-158862-included) | 38,23,229 | 37,40,651 | 82,578 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 187 | 15,29,56,531 | 133 | 6,41,14,558 | 41 | 13 | 71.12 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 674 | 20,59,862 | 20,60,536 | 20,60,536 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12,12,36,384 | 12,12,36,384 | 12,12,36,384 | 0 |
| ആകെ | 0 | 12,32,96,246 | 12,32,96,920 | 12,32,96,920 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 32,62,800 | 311 |
| വിധവാ പെൻഷൻ | 95,55,600 | 1080 |
| വാർദ്ധക്യകാല പെൻഷൻ | 2,37,42,400 | 3089 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 48,73,400 | 474 |
| അവിവാഹിത പെൻഷൻ | 8,38,000 | 89 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 3,90,000 | 13 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2023 തീയതിയിൽ 03:00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,550/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. മരാമത്ത് പ്രവൃത്തികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള നടപടികൾ പാലിക്കപ്പെടുന്നില്ല.

4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 07.10.2022 തിയതിയിലെ അജണ്ട 2 തീരുമാനം 2 പ്രകാരവും, 09.02.2023 തീയതിയിലെ അജണ്ട 2 തീരുമാനം 4 പ്രകാരവും വ്യക്തമാണ്. മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ

സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്. 01.04.20203-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 12.04.2023-ലെ അജണ്ട 2 തീരുമാനം 2 പ്രകാരമുള്ള ശിപാർശ ജനറൽ കമ്മറ്റിയുടെ 25.04.2023 തീയതിയിലെ 19(1) നമ്പർ തീരുമാന പ്രകാരം ചർച്ച ചെയ്യുകയും കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

2022-23 ലെ വസ്തു നികുതി സംബന്ധിച്ച്

വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും ILGMS വരവും താഴെ സൂചിപ്പിക്കുന്ന പ്രകാരം പൊരുത്തപ്പെടുന്നില്ല.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ |
|---|---|---|
| ബജറ്റിലെ പ്രതീക്ഷിത വരവ് | 25,56,249 | 3,25,286 |
| സഞ്ചയ പ്രകാരമുള്ള വരവ് | 21,85,307 | 27,48,155 |
| llgms പ്രകാരമുള്ള വരവ് | 21,83,882 | 27,38,781 |

01.04.2023-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതിയുടെ 25.04.2023 തീയതിയിലെ 19(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 1.4.2023 ശേഷം അസസ്സ് ചെയ്ത എല്ലാ വിഭാഗം കെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് വർദ്ധിപ്പിച്ച് വിജ്ഞാപനം ചെയ്തെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ലാത്തതിനാൽ ടി കെട്ടിട ഉടമകളിൽ നിന്നും 01.04.20203-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളിലെ അടിസ്ഥാന നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിക്കുന്നില്ല. ആ കെട്ടിടങ്ങൾക്ക് പഴയ അടിസ്ഥാന നിരക്കിൽ ആണ് നികുതി ഈടാക്കുന്നത്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയതിന് ശേഷം പുതുക്കിയ നിരക്ക് പ്രകാരം അധികമായി ഒടുക്കേണ്ട തുക ടി കെട്ടിട ഉടമകളുടെ പക്കൽ നിന്നും പഞ്ചായത്തിലേക്ക് ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയാൽ മാത്രമേ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. 2013-ലെ മേഖല വിഭജനം അതുപോലെ നിലനിർത്തിയിട്ടുണ്ട്.

സഞ്ജയ സോഫ്റ്റ്‌വെയർ, അസസ്സ്മെന്റ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ

പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു ഹോംസ്റ്റേയ്ക്ക് എസ്.ആർ.ഓ നം.100/2015,സ.ഉ(അ)നം.36/2015/തസ്വഭവ പ്രകാരമുള്ള നിരക്കിലാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങളിൽ നിന്നും ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്. ILGMS-ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട് ഇതുമൂലം പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

തൊഴിൽ നികുതി

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്ക് ഡിമാൻറ് നോട്ടീസ് യഥാ സമയം നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, കോൺട്രാക്ട് കാരിയേജ് നടത്തുന്ന വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സംപൂർണ്ണ ഡാറ്റാ ബേസ് സൂക്ഷികാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

വിനോദ നികുതി

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തികുന്ന കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി, ട്രെഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇത് പ്രകാരമുള്ള ഒന്നു ഒഴികെയുള്ള മറ്റെല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ നികുതി/ നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് -പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 9.02.2022-ലെ അജണ്ട -2 തീരുമാനം 2(4) പ്രകാരവും 07.10.2022-ലെ അജണ്ട -2 തീരുമാനം 2 പ്രകാരവും ചർച്ച ചെയ്യുന്നതായി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നു വിലയിരുത്തുന്നു. 01.06.2022-ലെ സ.ഉ(കൈ) നം.117/2022/LSGD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ഒരു കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി 3 മാസത്തിൽ ഒരിക്കൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നില്ല. ഇത്തരത്തിൽ 3 മാസത്തിൽ ഒരിക്കൽ നികുതി/ നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് -പിരിവ് പുരോഗതി വിലയിരുത്തുന്നതിനായി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

1-11 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല -വരുമാന നഷ്ടം 5,000/-

2018-ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ

ഭേദഗതി ചെയ്യപ്പെട്ട 1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര / വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ നിരാക്ഷേപ പത്രമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232-ാം വകുപ്പിന്റെ 31.10.2017-ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം-7 പട്ടിക-II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം / ഉടമ | PCB രജിസ്ട്രേഷൻ നമ്പർ / മൂല ധനം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | അധികമായി ഒടുക്കേണ്ട തുക |
|---|---|---|---|---|---|
| 1 | സിൽവർ സാന്റ്സ് റസിഡൻസി, കഞ്ഞിക്കുഴി ബാബു വി.എൻ. | PCB\ALP \IC-2407\18. 368 ലക്ഷം (3.68 കോടി) | 5,000 | 10,000 | 5,000 |

പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05/തീയതി : 07.08.2023) ലൈസൻസ് ഫീസിനത്തിൽ അധികമായി ഇടാക്കേണ്ട 5,000/- രൂപാ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഇടാക്കേണ്ട തുക പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി- 8,877/- രൂപയുടെ വരുമാന നഷ്ടം

1) വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി

ച്ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

A) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 1ൽ സാംസൺ ജേക്കബ്,നീനു ജേക്കബ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 608.58 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 1/32-A മുതൽ 1/32-H വരെ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 1/32-A മുതൽ 1/32-H വരെയുള്ള 8 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ച:മീറ്ററിന് 50/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ 7,414/- രൂപാ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%)+<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്:60രൂ /ച.മീ.) | | കണക്കാകിയ വസ്തുനികുതി<br>(സഞ്ചയ പ്രകാരം )<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%)+<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്:50രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില (1/32-A മുതൽ 1/32D വരെ) | അടിസ്ഥാന നികുതി<br>304 X60 =18,240/-<br>വഴിസൌകര്യം (വർദ്ധനവ്20%)= 3648/-<br>ലൈബ്രറി സെസ്സ് = 1094/-<br>ആകെ = 18240+3648+1094 = 22,982/- | 1) 1/32A-3800+760+228=4788<br>2) 1/32B- 800+760+228=4788<br>3) 1/32C- 800+760+228=4788<br>4) 1/32D- 800+760+228=4788<br>ആകെ =19152 /- |
| ഒന്നാം നില (1/32-E മുതൽ 1/32-H വരെ) | അടിസ്ഥാന നികുതി<br>304.58x60 = 18274.8/-<br>ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 913.74<br>വഴിസൌകര്യം | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+വഴിസൌകര്യം(20%)+ലൈബ്രറി സെസ്സ്<br>5) 1/32 E- 3572+760+218=4550<br>6) 1/32 F- 3572+760+218=4550<br>7) 1/32 G- 3572+760+218=4550 |

| | | |
|---|---|---|
| | (വർദ്ധനവ്20%)-3472<br>ലൈബ്രറി സെസ്സ്<br>= 336<br>ആകെ =<br>17361+3472+1042=<br>21,857 | 8) 1/32 H- 3637+766+220=4623<br>ആകെ = 18273/- |
| ആകെ | 44,839/-/- | 37,425/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | 7,414/- | |

മേൽ സൂചിപ്പിച്ച 8 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 7,414/-രൂപയുടെ നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/തീയതി 07.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) പഞ്ചായത്തിലെ 1-ാം വാർഡിൽ ബ്രിജിത്ത് കുമാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (കെട്ടിട നമ്പർ 1/291-a) തറവിസ്തീർണം സഞ്ചയ രജിസ്റ്റർ പ്രകാരം 116.14 ച:മീറ്ററാണ്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിനു വാണിജാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി 60/- നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം വാണിജവശ്യത്തിനുള്ള 100 ച.മീ താഴെ തറവിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട 50/- രൂപാ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇടാക്കേണ്ട വസ്തുനികുതി | ഈടാക്കിയ വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 116.14 $M^2$ @60 = 6968.4 | 16.14 $M^2$ @50= 5807 |
| വഴി സൌകര്യം 20% (വർദ്ധനവ്) | (+) 1393.68 | (+)1161.4 |
| ലൈബ്രററി സെസ്സ് | (+)418 | (+)349 |
| നികുതി | 8780 | 7317 |
| നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 1,463/- |

മേൽ സൂചിപ്പിച്ച വാണിജാവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന് ആനുപാതികമായി

നിരക്ക് നിശ്ചയിക്കുന്നതിന് പകരം വസ്തുനികുതി നിരക്ക് തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ 1,463/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.06 /തീയതി 07.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് കെട്ടിടങ്ങളുടെയും വസ്തു നികുതി കുറഞ്ഞ നിരക്കിൽ അസസ്സ് ചെയ്യത് മൂലം പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 8,877/- രൂപയുടെ നഷ്ടമുണ്ടായി. അധികമായി ഇടാക്കേണ്ട 8,877/ രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല-13,751/- രൂപ വരുമാന നഷ്ടം

1) പഞ്ചായത്തിലെ 6-ാം വാർഡിൽ 6/254-E, 6/254-F, 6/254-G എന്നീ മൂന്ന് വ്യത്യസ്ത കെട്ടിടങ്ങളിൽ സിമന്റ് സംഭരണവും വിൽപ്പനയും നടത്തുന്നതിന് ശ്രീ.ജേശുദാസ്, പുത്തൻപുരക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള "TRANS INDIA TRADERS" എന്ന സ്ഥാപനത്തിന് 03.11.2022 തീയതിയിലെ 282/22-23(A5-1795/22)-ാം നമ്പർ ലൈസൻസ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ സിമന്റിന്റെ സംഭരണവും വിൽപ്പനയും നടത്തുന്ന മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിലെ, 200.56 ച:മീ തറവിസ്തീർണമുള്ള 6/254-E എന്ന കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട ച.മീറ്ററിനു 60/- രൂപാ നിരക്കിന് പകരം ടി കെട്ടിടത്തിനെ വ്യവസായവശ്യത്തിനുള്ള കൈത്തറി കയർ പിരി ഷെഡ് എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിനു 15/- രൂപാ എന്ന കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. ഇത് കൂടാതെ യഥാക്രമം 75.76ച:മീ, 40.61ച:മീ തറവിസ്തീർണമുള്ള 6/254-F,6/254-G എന്നീ കെട്ടിടങ്ങളിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു താഴെ തറവിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട 50/- രൂപാ നിരക്കിന് പകരം വ്യവസായവശ്യത്തിനുള്ള കൈത്തറി കയർ പിരി ഷെഡ് എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട 15/- രൂപാ എന്ന കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇടാക്കേണ്ട വസ്തുനികുതി | | | ഈടാക്കിയ വസ്തുനികുതി | | |
|---|---|---|---|---|---|---|
| കെട്ടിട നമ്പർ | 6/254-E | 6/254-f | 6/254-g | 6/254-E | 6/254-f | 6/254-g |
| അടിസ്ഥാന വസ്തു നികുതി | 200.56$^{m2}$ @60 = 12033.6/- | 75.76$^{m2}$ @50 = 3788/- | 40.61$^{m2}$ @50 = 2030.5/- | 200.56$^{m2}$ @15 = 3008.4/- | 75.76$^{m2}$ @15 = 1136.4/ | 40.61$^{m2}$ @15 = 609.15/- |
| മേൽക്കൂര ഇളവ് 10% | (-) 1203.36 | (-) 378.8 | (-) 203 | (-) 300.84 | (-) 113.64 | (-) 61 |
| മേഖല 10% ഇളവ് | (-) 1203.36 | (-) 378.8 | (-) 203 | (-) 300.84 | (-) 113.64 | (-) 61 |
| വഴി സൌകര്യം 20% | (+) 2406.72 | (+)757.6 | (+) 406 | (+) 601.68 | (+) 227.28 | (+) 122 |

| | | | | | | |
|---|---|---|---|---|---|---|
| വർദ്ധനവ് | | | | | | |
| ലൈബ്രററി സെസ്സ് | 601.68 | 189.4 | 101.6 | 150.42 | 57 | 30.5 |
| നികുതി | 12635 | 3977 | 2132 | 3159 | 1194 | 640 |
| ആകെ | 12635+3977+2132=18,744/- | | | 3159+1194+640= 4,993/- | | |
| നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് | | | | 13,751/- | | |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തത് മൂലം പഞ്ചായത്തിന് ടി കെട്ടിടങ്ങളിൽ നിന്നു വസ്തുനികുതി ഇനത്തിൽ 13,751/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06 /തീയതി 07.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഇടാക്കേണ്ട 13,751/- രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 വസ്തുനികുതി- തുക അക്കൌണ്ട് ചെയ്യാതെ ഡിമാന്റിൽ നിന്ന് ഒഴിവാക്കി

ബിജി സഞ്ജീവ്, കൊഞ്ചേരി ഹൌസ് എന്ന വ്യക്തിയുടെ ഉടമസ്ഥയിലുള്ള 16/1,16/2,16/3 എന്നീ മൂന്ന കെട്ടിടങ്ങളുടെ 2022-23 ലെ വസ്തു നികുതിയിനത്തിലുള്ള 25,378/- രൂപ 27.03.2023 തീയതിയിലെ HDFC ബാങ്കിന്റെ 000097-ാം നമ്പർ ചെക്ക് പ്രകാരം പഞ്ചായത്തിന് നൽകിയെങ്കിലും ബാങ്കിൽ പണം ഇല്ല എന്ന കാരണത്താൽ ബാങ്ക് ചെക്ക് മടക്കുകയാണ് ചെയ്തത്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടങ്ങളുടെ 2022-23 ലെ വസ്തുനികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ പ്രസ്തുത ചെക്ക് ബൌൺസ് ആയതിനാൽ നാളിതുവരെ ചെക്ക് തുക പണമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | രസീത് ബുക്ക്/ രസീത് നമ്പർ / തീയതി | വസ്തുനികുതി തുക | ചെക്ക് നമ്പർ / തീയതി / ചെക്ക് തുക |
|---|---|---|---|---|
| 1 | 16/1 | 17985 / 41 / 27.03.2023 | 10,887 | 000097 / 27.03.2023 25,378/- |
| 2 | 16/2 | 17985 / 42 / 27.03.2023 | 8,594 | |
| 3 | 16/3 | 17985 / 43 / 27.03.2023 | 5,897 | |
| | ആകെ തുക | | 25,378/- | 25,378/- |

2023-ലെ വസ്തുനികുതി ഉടമസ്ഥന്റെ പക്കൽ നിന്നും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 4182) വർഷങ്ങളായി ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. അവസാനമായി ധനസഹായം നൽകിയിട്ടുള്ളത് 2017-18 സാമ്പത്തിക വർഷത്തിലാണ്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. വർഷാന്ത്യ (31.3.2023)നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 65,969/- രൂപ ബാക്കിയുണ്ട്. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം: 2/22-23) ലഭ്യമാക്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട് സബ്കമ്മിററി കൂടിയിട്ടില്ലായെന്നും, ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ടെണ്ടർ പരസ്യം - അപാകതകൾ

2022-23 സാമ്പത്തിക വർഷം, വികസനഫണ്ടിൽ നിന്നും 1,50,000/-രൂപയും തനത്ഫണ്ടിൽ നിന്നും 1,50,000/-രൂപയും ഒട്ടാകെ 3,00,000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.S0078/23) ഉൾപ്പെടുത്തി വിവിധ പ്രവൃത്തികളുടെ ടെൻഡർ പരസ്യങ്ങൾക്കായി വിവിധ പത്രങ്ങളിൽ പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 17,627/- രൂപയുടെ അധികച്ചെലവിനിടയായി. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-17 ബേബി ഫ്രണ്ടിലി ടോയിലെറ്റ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം - S 0224/23

പ്രോജക്ടിന്റെപേര് - ബേബി ഫ്രണ്ടിലി ടോയ്‌ലറ്റ് അങ്കണവാടി നമ്പർ 42 വാർഡ് 8

വകയിരുത്തൽ

ധനകാര്യ കമ്മീഷൻ അവാർഡ് - 188000

കേന്ദ്രാവിഷ്കൃതഫണ്ട് - 12000

ആകെ അടങ്കൽ - 200000

ചെലവ് വിവരം

1) ബിൽ റഫറൻസ് നം.482/30.3.23 തുക 179361/-

2) ബിൽ റഫറൻസ് നം.481/30.3.23 തുക 12000/-

2022-23 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തിക്കായി സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ ചേർത്ത പ്രോജക്ട് മുഖേന 8-ാം വാർഡിലെ 42-ാം നമ്പർ അങ്കണവാടിക്ക് ബേബി ഫ്രണ്ടിലി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ എസ്റ്റിമേറ്റ് പ്രകാരം, അസിസ്റ്റന്റ് ഡയറക്ടർ, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ ആലപ്പുഴയ്ക്ക് 1,91,361/-രൂപ ഡിപ്പോസിററ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ

രേഖയില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9 തീയതി 9.8.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 1,91,361/- തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 പി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം - S 0006/23

പ്രോജക്ടിന്റെ പേര് - പി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട്(റോഡിതരം) -8,00,000/-

മേൽ പ്രോജക്ടിൽ നിന്നുള്ള ചെലവിൽ അപാകതയുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

1) ബിൽ നം.34/22-23/07.02.23 തുക 3,50,000/-

കെ.എം.എസ്.സി.എൽ ന്റെ 7.2.23ലെ PRF 4273 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 36 ഇനം മരുന്നുകൾക്കായി 3,50,000/-രൂപ നൽകി. ആയതിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | എത്ര ഇനം മരുന്നുകൾ | തുക |
|---|---|---|---|
| 1 | 27294/20.03.23 | 1ഇനം | 85,439 |
| 2 | 37/01.04.23 | 1 ഇനം | 1,788 |
| 3 | 105/04.04.23 | 2 ഇനം | 43,277 |
| 4 | 634/10.04.23 | 1 ഇനം | 8,221 |
| 5 | 773/13.04.23 | 1 ഇനം | 1,416 |
| 6 | 1042/19.04.23 | 1 ഇനം | 3,125 |
| 7 | 2051/06.05.23 | 2 ഇനം | 17,133 |
| 8 | 3880/17.05.23 | 4 ഇനം | 22,789 |
| 9 | 5796/24.05.23 | 1 ഇനം | 5,569 |
| 10 | 6336/27.05.23 | 2 ഇനം | 8,751 |
| 11 | 6626/30.05.23 | 2 ഇനം | 3,599 |
| 12 | 7839/06.06.23 | 2 ഇനം | 16,593 |
| 13 | 8542/10.06.23 | 1 ഇനം | 1,018 |
| 14 | 9286/15.06.23 | 2 ഇനം | 25,954 |
| 15 | 13950/26.07.23 | 1 ഇനം | 9,318 |
| ആകെ | | | 2,53,990 |

3,50,000/-രൂപ നൽകിയതിൽ 2,53,990/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. 96,010/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/10.08.23) മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പാലിയേറ്റീവ് പരിചരണ പദ്ധതി - അപാകതകൾ

പ്രോജക്ട് നം - S 0003/23

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് പരിചരണ പദ്ധതി

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

വകയിരുത്തൽ

വികസനഫണ്ട്(പൊതുവിഭാഗം) - 2,50,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000/-

മെയിന്റനൻസ് ഫണ്ട്(റോഡിതരം) - 1,50,000/-

ആകെ അടങ്കൽ - 9,00,000/-

മേൽ പ്രോജക്ടിൽ നിന്നുള്ള ചെലവിൽ അപാകതയുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

1) ബിൽ നം.24/22-23/17.12.22 തുക 1,71,193/-

കെ.എം.എസ്.സി.എൽ. ന്റെ 03.11.22-ലെ PRF 1952 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 12 ഇനം ഉപകരണങ്ങൾക്കായി 1,71,193/-രൂപ നൽകി. ആയതിൽ ഭാഗികമായി ലഭ്യമായവയുടെയും പൂർണ്ണമായും ലഭ്യമാകാത്തവയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ഇനം | പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലഭിക്കേണ്ടത് (എണ്ണം) | ലഭിച്ചത് (എണ്ണം) | ലഭിക്കാൻ ബാക്കിയുള്ളത് (എണ്ണം) |
|---|---|---|---|---|---|
| 1 | 24094/ 27.01.23 | Wheel Chair(Life Care) | 13 | 10 | 3 |
| 2 | | Walker Adj Folding Alu Adlt | 10 | - | 10 |
| 3 | | Crutches Elbow Alu | 10 | - | 10 |
| 4 | | Air Bed(Life Care) | 12 | - | 12 |
| 5 | | Medibath 10S((Adult Wet Wipes) – Novel Tissues | 48 | - | 48 |

12 ഇനം ഉപകരണങ്ങൾക്കായി 1,71,193/-രൂപ നൽകിയതിൽ മേൽ പട്ടിക പ്രകാരം ബാക്കി ലഭിക്കാനുള്ളവ നാളിതുവരെ ലഭ്യമായിട്ടില്ല.

2) ബിൽ നം.30/22-23/17.02.23 തുക 1,37,999/-

കെ.എം.എസ്.സി.എൽ. ന്റെ 19.01.23-ലെ PRF 3755 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മരുന്നുകൾക്കും, ഉപകരണങ്ങൾക്കുമായി (19 ഇനം)1,37,999/-രൂപ നൽകി. ആയതിൽ ഭാഗികമായി ലഭ്യമായവയുടെയും പൂർണ്ണമായും ലഭ്യമാകാത്തവയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ഇനം | പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലഭിക്കേണ്ടത് (എണ്ണം) | ലഭിച്ചത് (എണ്ണം) | ലഭിക്കാൻ ബാക്കിയുള്ളത് (എണ്ണം) |
|---|---|---|---|---|---|
| 1 | 5803/ 24.05.23 | Water For Inj 10 Ml(DPPL/IVES) | 489 | 480 | 9 |
| 2 | 6624/ 30.05.23 | Gauze Bandage 100X10M | 25 | 19 | 6 |
| 3 | 9296/ 15.06.23 | Foly Catheter-14(RUSCH) | 100 | 91 | 9 |
| 4 | 9296/ 15.06.23 | Foly Catheter-16(RUSCH) | 100 | 91 | 9 |
| 5 | | Air Bed(Life Care) | 10 | - | 10 |
| 6 | | Walker Adj.Folding ALU .ADLT | 10 | - | 10 |
| 7 | | Diaper Adult 10'S(L) Fasten | 15 | - | 15 |
| 8 | | Underpad 60X90 CM (Easyfit) | 50 | - | 50 |
| 9 | | Glucometer Strips(Cool)50"S | 20 | - | 20 |
| 10 | | Urine Collection Bag Eco Drain | 100 | - | 100 |

| | | | | | |
|---|---|---|---|---|---|
| 11 | | Syringe 20ml(With Needle 22G)-PRICON | 100 | - | 100 |
| 12 | | Syringe 5ml(Hindustan) | 100 | - | 100 |
| 13 | | Metronidazole INJ 100ml(NIRMET) | 100 | - | 100 |
| 14 | | URI-COND LARGE | 100 | - | 100 |
| 15 | | URI-COND MEDIUM | 100 | - | 100 |
| 16 | | Cotton Wool 400GM(Healthline) | 25 | - | 25 |

19 ഇനങ്ങൾക്കായി 1,37,999/-രൂപ നൽകിയതിൽ മേൽ പട്ടിക പ്രകാരം ബാക്കി ലഭിക്കാനുള്ളവ നാളിതുവരെ ലഭ്യമായിട്ടില്ല.

3) ബിൽ നം.35/22-23/17.02.23 തുക 15,874/-

കെ.എം.എസ്.സി.എൽ. ന്റെ 07.02.23-ലെ PRF 196 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം SUCTION APPARATUS(1 എണ്ണം) വാങ്ങുന്നതിനായി 15,874/-രൂപ നൽകി. എന്നാൽ ആയത് ലഭ്യമായിട്ടില്ല.

4) ബിൽ നം.40/22-23/15.03.23 തുക.94000/-

കെ.എം.എസ്.സി.എൽ. ന്റെ 02.03.23-ലെ PRF 4940 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മരുന്നുകൾക്കും, ഉപകരണങ്ങൾക്കുമായി (14 ഇനം)94,000/-രൂപ നൽകി. ആയതിൽ ഭാഗികമായി ലഭ്യമായവയുടെയും പൂർണ്ണമായും ലഭ്യമാകാത്തവയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ഇനം | പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലഭിക്കേണ്ടത് (എണ്ണം) | ലഭിച്ചത് (എണ്ണം) | ലഭിക്കാൻ ബാക്കിയുള്ളത് (എണ്ണം) |
|---|---|---|---|---|---|
| 1 | 9248/ 15.06.23 | Foly Catheter-14(RUSCH) | 70 | 64 | 6 |
| 2 | 9248/ 15.06.23 | Foly Catheter-16(RUSCH) | 70 | 64 | 6 |
| 3 | | Colostomy Wafer 60MM-1973(Coloplast) | 10 | - | 10 |
| 4 | | Knee Cap/Support(L) Alpha | 10 | - | 10 |
| 5 | | Knee Cap Long(s) Orthocare | 10 | - | 10 |
| 6 | | Diaper Adult 10'S(M) Fasten | 30 | - | 30 |

| | | | | | |
|---|---|---|---|---|---|
| 7 | | Foly Catheter-8(RUSCH) | 70 | - | 70 |
| 8 | | Crepe Bandage 6 CM X 4 M (New Glory) | 3 | - | 3 |
| 9 | | Back Rest(24"L X 20"W) MS PC-Rachet System- Life Care | 5 | - | 5 |
| 10 | | Urine Collection Bag Eco Drain | 78 | - | 78 |

14 ഇനങ്ങൾക്കായി 94,000/-രൂപ നൽകിയതിൽ മേൽ പട്ടിക പ്രകാരം ബാക്കി ലഭിക്കാനുള്ളവ നാളിതുവരെ ലഭ്യമായിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/11.08.23)മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 വൃദ്ധർക്ക് കട്ടിൽ -എസ്.സി - അപാകതകൾ

പ്രോജക്റ്റ് നം – S0085/23

പ്രോജക്റ്റിന്റെ പേര് - വൃദ്ധർക്ക് കട്ടിൽ -എസ്.സി
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
വകയിരുത്തൽ

വികസന ഫണ്ട് (എസ്.സി.പി)- 2,34,900

ചെലവ് - ബിൽ നം.4/22-23/07.02.23 തുക 2,32,200/-
അപാകതകൾ ചുവടെ കൊടുക്കുന്നു.
1) 2022-23 സാമ്പത്തികവർഷം മേൽ പ്രോജക്റ്റ് പ്രകാരം പട്ടികജാതിയിൽപ്പെട്ട 54 പേർക്ക് കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 54 ഗുണഭോക്താക്കളിൽ താഴെ ചേർക്കുന്ന 5 ഗുണഭോക്താക്കൾ മാത്രമാണ് നിരാലംബരായിട്ടുള്ളത്.
1) രാജമ്മ, കൊച്ചുവെളി, വാർഡ്-5
2) രത്നമ്മ, തോന്നയ്ക്കൽ, വാർഡ്-12
3) സരോജിനി, അഞ്ജുവെളി ലക്ഷംവീട്, വാർഡ്-17
4) പ്രിയംവദ കെ., പുഴാരത്തുകോളനി, വാർഡ്-17
5) മണി, തളിയാടിവെളിയിൽ, വാർഡ്-12
അവശേഷിക്കുന്ന 49 പേർ നിരാലംബരാണെന്നോ, ശയ്യാവലംബരാണെന്നോ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2) കട്ടിൽ കൈപ്പറ്റിയ ഭാരതി, കുളങ്ങരവെളി, വാർഡ്-12 പട്ടികജാതി വിഭാഗത്തിൽപ്പെടുന്നതാണെന്ന് തെളിയിക്കുന്ന രേഖ ഇല്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/11.08.23)മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-21 ബഡ്സ് സ്കൂൾ - ഭക്ഷണം, കുക്കിന് വേതനം - അപാകതകൾ

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്റ്റുകളിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

I) പ്രോജക്റ്റ് നം - S 0021/23

പ്രോജക്ടിന്റെ പേര് - ബഡ്സ് സ്കൂൾ - ഭക്ഷണം, കുക്കിന് വേതനം

വകയിരുത്തൽ

തനത് ഫണ്ട് - 587200

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ബഡ്സ് സ്കൂളിലേക്ക് പച്ചക്കറി വാങ്ങിയ ഇനത്തിലെ തുക കടയുടമയ്ക്ക് ബാങ്ക് അക്കൗണ്ട് ഇല്ല എന്ന കാരണത്താൽ ടീച്ചർ രാധിക ആർ. ന്റെ അക്കൗണ്ടിൽ 12,438/- നൽകി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | നൽകിയ തുക |
|---|---|---|
| 1 | 22200110/24.05.22 | 238 |
| 2 | 22200169/10.06.22 | 535 |
| 3 | 22200240/01.07.22 | 1,621 |
| 4 | 22200382/04.08.22 | 1,226 |
| 5 | 22200467/01.09.22 | 1,062 |
| 6 | 22200557/01.10.22 | 1,174 |
| 7 | 22200681/01.11.22 | 1,241 |
| 8 | 22200813/01.12.22 | 1,480 |
| 9 | 22200944/04.01.23 | 1,022 |
| 10 | 22201056/02.02.23 | 1,156 |
| 11 | 22201456/31.03.23 | 1,683 |
| ആകെ | | 12,438/- |

2) സുലേഖ ചെലവ് പത്രിക പ്രകാരം 1,85,167 രൂപയുടെ ചെലവുണ്ട്. എന്നാൽ 17,0,755 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 14,412 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

II) പ്രോജക്ട് നം - S 0016/23

പ്രോജക്ടിന്റെപേര് - ബഡ്സ് സ്കൂൾ പ്രവർത്തനം

വകയിരുത്തൽ

തനത് ഫണ്ട് - 1040000

1) സുലേഖ ചെലവ് പത്രിക പ്രകാരം 8,41,600 രൂപയുടെ ചെലവുണ്ട്. എന്നാൽ 7,64,925 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 76,675 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി 11.8.23) മറുപടി ലഭ്യമാക്കിയില്ല.

ക്രമ നം.I ലെ പച്ചക്കറി വാങ്ങുന്ന തുക ബന്ധപ്പെട്ട കടയുടമയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കി, ആയതിലേക്ക് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നം.I ലെ 14,412 രൂപയും ക്രമ നം.II ലെ 76,675 രൂപയും ഉൾപ്പെടെ ആകെ 91,087 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 കന്നുകുട്ടി പരിപാലനം-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S 0152/23

പ്രോജക്ടിന്റെപേര് - കന്നുകുട്ടി പരിപാലനം

വകയിരുത്തൽ

വികസന ഫണ്ട്(പൊതുവിഭാഗം) - 625000

ഗുണഭോക്തൃവിഹിതം(സ്വയം വഹിക്കുന്നത്) - 625000

ആകെ അടങ്കൽ - 1250000

ചെലവ് വിവരം

1)ബിൽ നം.2/22-23/17.02.23 തുക 6,25,000/-

2022-23 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം 6,25,000 രൂപ കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ 706011400000019 നം. അക്കൗണ്ടിൽ നൽകി.

അപാകത ചുവടെ കൊടുക്കുന്നു.

1) സൊസൈറ്റികൾ കാലിത്തീറ്റ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2) സൊസൈറ്റി വഴി കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

3) കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20 തീയതി 11.8.23)മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 6,25,000/-തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം - S0082/23

പ്രോജക്ടിന്റെപേര് - ഐ.കെ.എം. വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 75800/-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ വെള്ളയമ്പലം സബ് ട്രഷറിയിലെ 799010100348424 നം. ടി.എസ്.ബി. അക്കൗണ്ടിൽ 75,800/-രൂപ നൽകി.(ബിൽ നം.9/22-23/30.08.22 തുക 75,800/-).എന്നാൽ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 01/ 04.08.23), 09.03.23-ലെ 762/എ7/ഐ.കെ.എം./2023 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് ഐ.കെ.എം. അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ചെലവ് തുക 75,800/- തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സംയുക്ത പ്രോജക്ടുകളുടെ വിഹിതമിനത്തിൽ പഞ്ചായത്തിന് ലഭിച്ച തുക - മുൻബാക്കി തുക നാളിതുവരെ ചെലവ് ചെയ്തില്ല

സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലും (731356/-) ജില്ലാപഞ്ചായത്ത് വിഹിതത്തിലും (1065958/-) മുന്നിരിപ്പ് തുക തന്നെയാണ് നീക്കിയിരിപ്പ് തുകയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം മേൽ തുകകൾ ലഭിച്ച പ്രോജക്ടിന് അംഗീകാരം വാങ്ങി തുക ചെലവ് ചെയ്യാൻ നടപടി സ്വീകരിക്കുന്നില്ല. പ്രോജക്ട് സ്പിൽ ഓവറാക്കി തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22 തീയതി-11.08.23) മറുപടി ലഭ്യമാക്കിയില്ല. തുക ചെലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതാത് സ്ഥാപനത്തിന് തിരികെ നല്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ - മുഴുവൻ സാധനങ്ങളും ലഭ്യമായില്ല- 41,987/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ

പ്രോജക്ട് നം. : 161/23

അടങ്കൽ : വികസന ഫണ്ട്- 2,41,987/-

ചെലവ് : 2,00,000/- (ബിൽ നം. 35 , തീയതി - 18.03.2023)
41,987/- (ബിൽ നം. 39, തീയതി - 31.03.2023)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ എന്ന പ്രോജക്ട് പ്രകാരം, വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 2,41,987/-രൂപ KELTRON-ന് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 2,00,000/- രൂപ വിലയുള്ള ഹിയറിംഗ് – എയ്ഡ് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന സാധനങ്ങൾ ലഭ്യമായിട്ടില്ല.

| സാധനത്തിന്റെ പേര് | എണ്ണം | തുക |
|---|---|---|
| Folding Wheel Chair With Chrome Plated | 2 | 14,950 |
| Walking Stick Adjustable | 3 | 2,250 |
| Reciprocal Walker | 7 | 22,680 |
| Lumbar Corset | 6 | 1,872 |
| Knee Cap | 1 | 235 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21 / 11.08.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന സാധനങ്ങൾ സ്ഥാപനത്തിൽ ലഭ്യമായതിന്റേയും ആയവ വിതരണം ചെയ്തതിന്റേയും രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 41,987/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ തുക അധികം നല്കി

പ്രോജക്ടിന്റെ പേര് : അങ്കണവാടികൾക്ക് പോഷകാഹാരം

പ്രോജക്ട് നം. : S 0032/23

അടങ്കൽ : 50,06,505/-

ചെലവ് : 41,01,823/-

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ അങ്കണവാടികൾക്ക് പോഷകാഹാരം (പ്രോജക്ട് നം. 16/23) എന്ന പ്രോജക് പ്രകാരം ഭക്ഷ്യവസ്തുക്കൾ, അരി എന്നിവ ഇറക്കിയതിന് കയറ്റിറക്ക് കൂലിയിനത്തിൽ ശ്രീ.പ്രസന്നൻ, വനസ്വർഗ്ഗത്ത് വെളി, എസ് എൽ പുരം എന്നയാളിന് തുക നല്കിയിട്ടുണ്ട്. സാധനം വാങ്ങിയ ബില്ലുകളും ടിയാൾ തുക കൈപ്പറ്റിയപ്പോൾ നല്കിയ കൈപ്പറ്റ് രസീത് എന്നിവ പരിശോധിച്ചതിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികം തുക നല്കി. അധികം നല്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| Issue No. / Date | ബിൽ നം.,തീയതി | Kg | അനുവദനീയമായ തുക | ട്രാൻസ്ഫർ ചെയ്ത തുക | അധികം നല്കിയ തുക |
|---|---|---|---|---|---|
| 0405208/ 221252/ 14.11.2022- Civil Supplies Corporation Ltd. | 28/22-23 21.02.23 | 3841 | 15,564 | 16032 | 468 |
| 0405208 / 221532/ 26.12.2022- Civil Supplies Corporation Ltd. | 31/22-23 11942 18.03.23 | 5188 | 11,523 | 11942 | 419 |
| ആകെ | | 4080.5 | 27,087 | 27960 | 887 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23 / 11.08.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ 887/-രൂപ തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-27 സ്റ്റോക്ക് രജിസ്റ്റർ ശരിയായ വിധം പരിപാലിക്കുന്നില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം സാധനങ്ങൾ (THRS, അരി, ഭക്ഷ്യവസ്തുക്കൾ) വാങ്ങിയ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, സാധനങ്ങൾ വാങ്ങുന്ന / ലഭിയ്ക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന ബിൽ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുന്ന രീതി തുടരുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 12 മാസത്തെ THRS എൻട്രി വരുത്തിയതിനുശേഷം അടുത്ത പേജിൽ ഭക്ഷ്യവസ്തുക്കളുടെ വിവരം ക്രമമല്ലാതെ ഫയൽ നോക്കി രേഖപ്പെടുത്തുന്നു. അങ്കണവാടികളിലേയ്ക്ക് വിതരണം നടത്തിയ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററിൽ ഓരോ സാധനത്തിന്റെ ആകെ വിവരം രേഖപ്പടുത്തിയിട്ടില്ല. ഓഡിറ്റ് വേളയിൽ ഇവ കൂട്ടിയെടുക്കുമ്പോൾ ബില്ലിലെ കി. ഗ്രാമുമായി യോജിക്കുന്നില്ല. അങ്കണവാടികളിൽ സാധനം ഇറക്കുമ്പോൾ ചില അങ്കണവാടികളിലെ ടീച്ചർമാർ സാധനം കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തുന്നില്ല. കൂടാതെ, അരിയുടെ സ്റ്റോക്ക് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/ തീയതി-11.08.2023 )മറുപടി ലഭ്യമാക്കിയില്ല. അങ്കണവാടികളിലെ (നം.31,47) സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി ചെയ്യാത്ത ഇനങ്ങൾ അവയിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമായി. എന്നാൽ, മേൽ പ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിൽ നിർവഹണോദ്യോഗസ്ഥയുടെ ഭാഗത്തുനുണ്ടായ വീഴ്ചയായി വിലയിരുത്തുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-28 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല

പ്രോജക്ടിന്റെ പേര് : നെൽ കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി

പ്രോജക്ട് നം. : എസ് 0160/23

അടങ്കൽ : വികസന ഫണ്ട്- 4,00,000/-

ചെലവ് : 4,00,000/- (ബിൽ നം. 4 , തീയതി - 19.10.2022)

മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 564300/-

ചെലവ് :513320/- (ബിൽ നം. 3 തീ - 10.10.2022)

50980/- (ബിൽ നം. 9 തീ - 07.02.2022)

നെൽ കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | ജെയ്ൻ സി.എം. | 13,000 |
| 2 | വർഗ്ഗീസ് | 1,820 |

| | | |
|---|---|---|
| ആകെ | | 14,820 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/11.08.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, മേൽ തുക സംബന്ധിച്ച് നിലവിലെ വിവരം അറിയിക്കേണ്ടതാണ്.

1-29 ഗുണഭോക്തൃ വിഹിതമിനത്തിൽ 1,26,227/- രൂപ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു

വെറ്ററിനറി സർജ്ജൻ 2021-22 വർഷം ഗുണഭോക്തൃവിഹിതമിനത്തിൽ പഞ്ചായത്തിൽ ഒടുക്കിയ തുകയിൽ 62,895/- രൂപയും അക്കൌണ്ടിൽ മുൻകാലങ്ങളിലെ തുകയിൽ അവശേഷിച്ചിരുന്ന 47 രൂപയും ചേർത്ത് ആകെ 62,942 /- രൂപ മുൻബാക്കിയായി നിലനിൽക്കുന്നു. 2022-23 വർഷം കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതമിനത്തിൽ ഒടുക്കിയ തുകയിൽ ചെലവഴിയ്ക്കാതെ ബാക്കി നിൽക്കുന്ന തുകയും ചേർത്ത് തൻവർഷം ആകെ 1,26,227/-രൂപ നീക്കിബാക്കിയായി നിലനിൽക്കുന്നു. തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22 തീയതി-11.08.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച തുക പ്രോജക്ട് പ്രകാരം ചെലവഴിയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ തുക ഗുണഭോക്താക്കൾക്ക് തിരിച്ച് കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

1-30 പുളിച്ചുവട് വാതറ കാന നിർമ്മാണം - കരാറുകാരന് അധിക തുക നൽകി

പുളിച്ചുവട് വാതറ കാന നിർമ്മാണം എന്ന പ്രവൃത്തിയുടെ അളവ് ബുക്കിൽ മൂല്യം നിർണ്ണയിച്ചതിലെ അപാകത മൂലം കരാറുകാരന് 1,506/- രൂപ അധികം നൽകിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ഭാഗം-3(2) ആയി ചേർത്തിട്ടുണ്ട്.

1-31 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പൂർത്തീകരണ വിവരമില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 വർഷം നടപ്പിലാക്കിയ റോഡ് കണക്ടിവിറ്റി മാപ്പിംഗ് (പ്രൊ.നം.106/23) എന്ന പദ്ധതി പ്രകാരം തനതുഫണ്ടിൽ നിന്നും 21,600/- രൂപ (255556/2.02.23) ശ്രീ.വിഷ്ണു കെ.പി. എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള സർവ്വെയുടെ വിവരങ്ങൾ, പ്രവൃത്തി പൂർത്തീകരിച്ചോ, ഇല്ലയോ എന്ന വിവരം, പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം? നിലവിലെ സ്ഥിതി വിവരം എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/22-23) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ട്രാക്കിംഗ് പ്രോസസ്സ് പൂർത്തിയാക്കിയതായും, വെരിഫിക്കേഷൻ നടക്കുന്നതായും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ. മുഹമ്മ ശാഖയിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 38646286096). പ്രസ്തുത അക്കൗണ്ടിൽ 4.6.22 മുതലാണ് ഇ ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളത്. 30.7.23-ൽ പ്രസ്തുത അക്കൗണ്ടിൽ 2,31,696/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടി അക്കൗണ്ടിൽ മറ്റ് ഇടപാടുകളും നടത്തിയിട്ടുള്ളതായി കാണുന്നു. ആയത് ഒഴിവാക്കി പ്രസ്തുത അക്കൗണ്ടിലൂടെ ഇ ടെണ്ടർ ഇടപാടുകൾ മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. അസി. എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത

പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതണ്.

ബാങ്ക് ചാർജ്ജസ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും 1,829/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

3.6.22 വരെയുള്ള കാലയളവിലെ ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി തുക പൂർണ്ണമായും തിരികെ ലഭ്യമാക്കിയിട്ടുള്ളതിന്റെ വിവരം ലഭ്യമല്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/22-23) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ നീക്കിയിരുപ്പ് തുക തനത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്നും, ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.23-ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | സപ്ലൈയേഴ്സ് ഇഎംഡി | 118205 | 2014 - 15 മുതൽ |
| 2 | കോൺട്രാക്ടേഴ്സ്എസ്.ഡി | 38400 | 2015- 16 മുതൽ |
| 3 | ബിഡേഴ്സ് ഇഎംഡി | 44175 | 2016- 17 മുതൽ |
| 4 | സപ്ലൈയേഴ്സ് എസ്.ഡി | 111750 | 2015 - 16 മുതൽ |
| 5 | കോൺട്രാക്ടേഴ്സ്റിടെൻഷൻ | 235567 | 2016 - 17 മുതൽ |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-34 ഓഡിറ്റ് ഇംപാക്ട്

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം

പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 2,00,000/- രൂപയുടെ ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.15/22-23) നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി ഇനത്തിലുള്ള ഫൈനായി 8,627/- രൂപ ഗ്രാമ പഞ്ചായത്തിൽ ഒടുക്കി വിവരം രേഖാമൂലം അറിയിച്ചിട്ടുണ്ട്. ക്രമ നം. (4) പ്രകാരമുള്ള പ്രവൃത്തിയുടെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

### 1-35 കൈതളായി വള്ളാട്ട് തോട് നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു

കൈതളായി വള്ളാട്ട് തോട് നവീകരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിയിൽ 100% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) ആയതിനാൽ ടി പ്രവർത്തിയിൽ 5% ജി.എസ്.റ്റിയാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 12% GST അനുവദിച്ചതുമൂലം 9,755/- രൂപയുടെ അധികചെലവ് വന്നിട്ടുണ്ട്. വിശദ വിവരം ഭാഗം 3(3) ആയി ചേർത്തിട്ടുണ്ട്.

### 1-36 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

2012-ലെ പി.ഡബ്ല്യ.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ച നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | എസ്.എൻ കോളേജ് - | 19.07.21<br>6 മാസം | 27.03.23 | 23195 (3+2.2%) | 8922 | 14273 |

| | | | | | | |
|---|---|---|---|---|---|---|
| | തകിടിച്ചിറ റോഡ് ടാറിംഗ് (13/22) പ്രകാശ്.ഡി പി.എ.സി -446054/- പ്രവൃത്തിമൂല്യം -497752/- ബിൽ നം.- 25/27.3.23 | 18.01.22 (6 മാസം അധികം) 18.07.22 | | | | |
| 2 | വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ് (130/22) ഭുവനേന്ദ്രൻ പി.എ.സി -489053/- പ്രവൃത്തിമൂല്യം -522616/- ബിൽ നം.- 399/20.03.23 | 14.12.21 6 മാസം 13.06.22 | 15.02.23 | 14672 | -- | 14672 |
| 3 | കൈതളായി വള്ളാട്ട് തോട് നവീകരണം (53/23) വി&വി അസോസിയേറ്റ്സ് പി.എ.സി -308692/- പ്രവൃത്തിമൂല്യം -139347/- ബിൽ നം.- 16/22.08.22 | 14.12.21 6 മാസം 13.06.22 | 16.07.22 | 3087 | 1394 | 1693 |
| | ആകെ | | | | | 30638 |

മേൽ പ്രവൃത്തികളിൽ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ, പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. (വ്യക്തമായ കാരണങ്ങളൊന്നും രേഖപ്പെടുത്താതെയുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) നടപടി ക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്.

ക്രമ നം.(1) ഹാജരാക്കിയ അളവ് ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് തന്നെ 19.01.23 ലാണ്. കേവലം 2 മാസം മാത്രം ആവശ്യമായിരുന്ന ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഒന്നര വർഷത്തിലധികം കാലതാമസ്സം ഉണ്ടായിട്ടുള്ളത് കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ മൂലമാണ്.

കോവിഡ് കാലയളവിൽ ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴ

കൂടാതെ 6 മാസം വരെ നീട്ടി നൽകിയിട്ടുണ്ട്.(ജി.ഒ. നം. 1444/21/തസ്വഭവ. തീ 31.7.21) ആയതിനാൽ ടി പ്രവൃത്തികൾക്ക് പ്രസ്തുത 6 മാസത്തിൽ അധികരിച്ചുള്ള കാലതാമസ്സത്തിന് 2012-ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. (പ്രവൃത്തി പൂർത്തീകരണത്തിന് 6 മാസം അധിക കാലയളവ് അനുവദിച്ചാണ് പിഴ കണക്കാക്കിയിട്ടുള്ളത്)

ക്രമ നം.(2) – പ്രകാരമുള്ള പ്രവൃത്തി 13.6.22-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ 16.6.22-ലെ 11 (1) തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത തീയതിയിൽ നിർമ്മാണം ആരംഭിച്ചതായി കണക്കാക്കിയാൽ പോലും പ്രവൃത്തി 15.12.22-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 15.2.23 ലാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല -വരുമാന നഷ്ടം 5,000/-

2018-ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര / വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ നിരാക്ഷേപ പത്രമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്ത് രാജ് ആക്ട്- 232-ാം വകുപ്പിന്റെ 31.10.2017-ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം-7 പട്ടിക-II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം / ഉടമ | PCB രജിസ്ട്രേഷൻ നമ്പർ /മൂല ധനം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | അധികമായി ഒടുക്കേണ്ട തുക |
|---|---|---|---|---|---|
| 1 | സിൽവർ സാന്റ്സ് | PCB\ALP\IC-2407\18. | 5,000 | 10,000 | 5,000 |

| | | | | | |
|---|---|---|---|---|---|
| | റസിഡൻസി, കഞ്ഞിക്കുഴി ബാബു വി.എൻ. | 368 ലക്ഷം (3.68 കോടി) | | | |

പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05/തീയതി : 07.08.2023) ലൈസൻസ് ഫീസിനത്തിൽ അധികമായി ഇടാക്കേണ്ട 5,000/- രൂപാ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഈടാക്കേണ്ട തുക പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-2 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി- 8,877/- രൂപയുടെ വരുമാന നഷ്ടം

1) വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

A) ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 1ൽ സാംസൺ ജേക്കബ്,നീനു ജേക്കബ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 608.58 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 1/32-A മുതൽ 1/32-H വരെ) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 1/32-A മുതൽ 1/32-H വരെയുള്ള 8 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ച:മീറ്ററിന് 50/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ 7,414/- രൂപാ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%)+<br>ലൈബ്രറി സെസ്സ്<br>(നികുതി നിരക്ക്:60രൂ /ച.മീ.) | കണക്കാക്കിയ വസ്തുനികുതി<br>(സഞ്ചയ പ്രകാരം )<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(20%)+<br>ലൈബ്രറി സെസ്സ് |
|---|---|

| | | |
|---|---|---|
| | | (നികുതി നിരക്ക്:50രൂ /ച.മീ.) |
| താഴത്തെ നില (1/32-A മുതൽ 1/32D വരെ) | അടിസ്ഥാന നികുതി 304 X60 =18,240/- വഴിസൌകര്യം (വർദ്ധനവ്20%)= 3648/- ലൈബ്രറി സെസ്സ് = 1094/- ആകെ = 18240+3648+1094 = 22,982/- | 1) 1/32A-3800+760+228=4788<br>2) 1/32B- 800+760+228=4788<br>3) 1/32C- 800+760+228=4788<br>4) 1/32D- 800+760+228=4788<br>ആകെ =19152 /- |
| ഒന്നാം നില (1/32-E മുതൽ 1/32-H വരെ) | അടിസ്ഥാന നികുതി 304.58x60 = 18274.8/- ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 913.74 വഴിസൌകര്യം (വർദ്ധനവ്20%)-3472 ലൈബ്രറി സെസ്സ് = 336 ആകെ = 17361+3472+1042= 21,857 | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+വഴിസൌകര്യം(20%)+ലൈബ്രറി സെസ്സ്<br>5) 1/32 E- 3572+760+218=4550<br>6) 1/32 F- 3572+760+218=4550<br>7) 1/32 G- 3572+760+218=4550<br>8) 1/32 H- 3637+766+220=4623<br>ആകെ = 18273/- |
| ആകെ | 44,839/-/- | 37,425/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 7,414/- |

മേൽ സൂചിപ്പിച്ച 8 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 7,414/-രൂപയുടെ നഷ്ടം ഉണ്ടായി. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/തീയതി 07.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) പഞ്ചായത്തിലെ 1-ാം വാർഡിൽ ബ്രിജിത്ത് കുമാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (കെട്ടിട നമ്പർ 1/291-a) തറവിസ്തീർണം സഞ്ചയ രജിസ്റ്റർ പ്രകാരം 116.14 ച:മീറ്ററാണ്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിനു

വാണിജാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി 60/- നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ താഴെ തറവിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട 50/- രൂപാ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഈടാക്കേണ്ട വസ്തുനികുതി | ഈടാക്കിയ വസ്തുനികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി | 116.14 $M^2$ @60 = 6968.4 | 16.14 $M^2$ @50= 5807 |
| വഴി സൌകര്യം<br>20% (വർദ്ധനവ്) | (+) 1393.68 | (+)1161.4 |
| ലൈബ്രററി സെസ്സ് | (+)418 | (+)349 |
| നികുതി | 8780 | 7317 |
| നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 1,463/- |

മേൽ സൂചിപ്പിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന് ആനുപാതികമായി നിരക്ക് നിശ്ചയിക്കുന്നതിന് പകരം വസ്തുനികുതി നിരക്ക് തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ 1,463/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.06 /തീയതി 07.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് കെട്ടിടങ്ങളുടെയും വസ്തു നികുതി കുറഞ്ഞ നിരക്കിൽ അസസ്സ് ചെയ്തത് മൂലം പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 8,877/- രൂപയുടെ നഷ്ടമുണ്ടായി. അധികമായി ഈടാക്കേണ്ട 8,877/ രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല-13,751/- രൂപ വരുമാന നഷ്ടം

1) പഞ്ചായത്തിലെ 6-ാം വാർഡിൽ 6/254-E, 6/254-F,6/254-G എന്നീ മൂന്ന് വ്യത്യസ്ത കെട്ടിടങ്ങളിൽ സിമന്റ് സംഭരണവും വിൽപ്പനയും നടത്തുന്നതിന് ശ്രീ.ജേശുദാസ്, പുത്തൻപുരക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള TRANS INDIA TRADERS എന്ന സ്ഥാപനത്തിന് 03.11.2022 തീയതിയിലെ 282/22-23(A5-1795/22)-ാം നമ്പർ ലൈസൻസ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ സിമന്റിന്റെ സംഭരണവും വിൽപ്പനയും നടത്തുന്ന മേൽ സൂചിപ്പിച്ച കെട്ടിടങ്ങളിലെ, 200.56 ച:മീ തറവിസ്തീർണമുള്ള 6/254-E എന്ന കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഷോപ്പുകൾ,ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട ച.മീറ്ററിനു 60/- രൂപാ നിരക്കിന് പകരം ടി കെട്ടിടത്തിനെ വ്യവസായാവശ്യത്തിനുള്ള കൈത്തറി കയർ പിരി ഷെഡ് എന്ന ഉപയോഗ

ക്രമത്തിലുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിനു 15/- രൂപാ എന്ന കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. ഇത് കൂടാതെ യഥാക്രമം 75.76ച:മീ, 40.61ച:മീ തറവിസ്തീർണമുള്ള 6/254-F,6/254-G എന്നീ കെട്ടിടങ്ങളിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള 100 ച.മീ താഴെ തറവിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൌണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട 50/- രൂപാ നിരക്കിന് പകരം വ്യവസായവശ്യത്തിനുള്ള കൈത്തറി കയർ പിരി ഷെഡ് എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട 15/- രൂപാ എന്ന കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഈടാക്കേണ്ട വസ്തുനികുതി | | | ഈടാക്കിയ വസ്തുനികുതി | | |
|---|---|---|---|---|---|---|
| കെട്ടിട നമ്പർ | 6/254-E | 6/254-f | 6/254-g | 6/254-E | 6/254-f | 6/254-g |
| അടിസ്ഥാന വസ്തു നികുതി | 200.56$^{m2}$ @60 = 12033.6/- | 75.76$^{m2}$ @50 = 3788/- | 40.61$^{m2}$ @50 = 2030.5/- | 200.56$^{m2}$ @15 = 3008.4/- | 75.76$^{m2}$ @15 = 1136.4/ | 40.61$^{m2}$ @15 = 609.15/- |
| മേൽക്കൂര ഇളവ് 10% | (-) 1203.36 | (-) 378.8 | (-) 203 | (-) 300.84 | (-) 113.64 | (-) 61 |
| മേഖല 10% ഇളവ് | (-) 1203.36 | (-) 378.8 | (-) 203 | (-) 300.84 | (-) 113.64 | (-) 61 |
| വഴി സൌകര്യം 20% വർദ്ധനവ് | (+) 2406.72 | (+)757.6 | (+) 406 | (+) 601.68 | (+) 227.28 | (+) 122 |
| ലൈബ്രറി സെസ്സ് | 601.68 | 189.4 | 101.6 | 150.42 | 57 | 30.5 |
| നികുതി | 12635 | 3977 | 2132 | 3159 | 1194 | 640 |
| ആകെ | 12635+3977+2132=18,744/- | | | 3159+1194+640= 4,993/- | | |
| നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് | | | | 13,751/- | | |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തത് മൂലം പഞ്ചായത്തിന് ടി കെട്ടിടങ്ങളിൽ നിന്ന വസ്തുനികുതി ഇനത്തിൽ 13,751/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2022-23 ലെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06 /തീയതി 07.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഇടാക്കേണ്ട 13,751/- രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിൻഡോ രൂപത്തിലുള്ള ടെണ്ടർ പരസ്യം- നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതലായത് അധിക ചെലവിനിടയാക്കി

(സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04) പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ ആന്റ് പി ആർ. 21.06.04-ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട്കോളം (8cmx3cm)=24cm2 വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം, വികസനഫണ്ടിൽ നിന്നും 1,50,000/-രൂപയും തനത്ഫണ്ടിൽ നിന്നും 1,50,000/-രൂപയും ഒട്ടാകെ 3,00,000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.S0078/23) ഉൾപ്പെടുത്തി വിവിധ പ്രവത്തികളുടെ ടെൻഡർ പരസ്യങ്ങൾക്കായി വിവിധ പത്രങ്ങളിൽ പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പത്രം / ബിൽ നം./ തീയതി | നല്കിയ പരസ്യത്തിന്റെ വലിപ്പം (സെന്റീ മീറ്റർ സ്ക്വയറിൽ) | പരസ്യ നിരക്ക് | 15% ട്രേഡ് ഡിസ്കൗണ്ട് കഴിച്ചുള്ള തുക | ആകെ അനുവദിച്ച് നൽകിയ തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക | ബിൽ നം./ തീയ്യതി |
|---|---|---|---|---|---|---|---|---|
| 1 | മാതൃഭൂമി 321000115123/ 12.3.22 | 32sq Cm | 245 | 32@245 =7840 15%ട്രേഡ് ഡിസ്കൗണ്ട്= 1176 7840-1176= 6664 | 6664+ 166.60 (Cgst)+ 166.60 (Sgst) =6997 | 24@245 =5880 15%ട്രേഡ് ഡിസ്കൗണ്ട് = 882 5880-882 = 4998+ 124.95+ 124.95 =5248 | 6997-5248 =1749 | ബിൽനം.13/ 22-23/ 26.10.22 (വികസന ഫണ്ട്) |
| 2 | മാതൃഭൂമി 32100018938/ | 32sq Cm | 257 | 32@257 =8224 | 6990+ 174.75 | 24@257 =6168 | 7340-5505 =1835 | ബിൽ നം.13/22-23/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 25.5.22 | | | 15%ട്രേഡ് ഡിസ്കൗണ്ട്= 1234<br>8224-1234=<br>6990 | (Cgst)+<br>174.75<br>(Sgst)<br>=7340 | 15%ട്രേഡ് ഡിസ്കൗണ്ട്= 925<br>6168-925<br>=5243+<br>131.07+<br>131.07<br>=5505 | | 26.10.22<br>(വികസന ഫണ്ട്) |
| 3 | മാതൃഭൂമി<br>321000115123/<br>12.3.22 | 32sq Cm | 245 | 32@245<br>=7840<br>15%ട്രേഡ് ഡിസ്കൗണ്ട് = 1176<br>7840-1176<br>=<br>6664 | 6664+<br>166.60<br>(Cgst)+<br>166.60<br>(Sgst)<br>=6997 | 24@245<br>=5880<br>15%ട്രേഡ് ഡിസ്കൗണ്ട് = 882<br>5880-882<br>= 4998+<br>124.95+<br>124.95<br>=5248 | 6997-5248<br>=1749 | ബിൽ നം.13/ 22-23/<br>26.10.22<br>(വികസന ഫണ്ട്) |
| 4 | ദേശാഭിമാനി<br>ALP/21 /22/1960 /26.2.22 | 32sq Cm | 180 | 32@180<br>=5760<br>15%ട്രേഡ് ഡിസ്കൗണ്ട്= 864<br>5760-864=<br>4896 | 4896+<br>122.4+<br>122.4<br>=5141 | 24cm@180<br>=4320<br>15% ഡിസ്കൗണ്ട്= 648<br>4320-648<br>=3672+<br>92+92<br>=3856 | 5141ൽ 4548/-മാത്രം നൽകി (ഫണ്ട് കുറവായതിനാൽ)<br>4548-3856<br>=692 | ബിൽനം.20/ 22-23/<br>10.1..23<br>(വികസനഫണ്ട്) |
| 5 | ദേശാഭിമാനി<br>ALP/22 /23/1294 /4.11.22 | 32sq Cm | 220 | 32@220<br>=7040<br>15%ട്രേഡ് ഡിസ്കൗണ്ട് = 1056<br>7040-1056<br>=<br>5984 | 5984+<br>149.6+<br>149.6<br>=6283 | 24cm@220<br>=5280<br>15% ഡിസ്കൗണ്ട് = 792<br>5280-792<br>=4488+<br>112+112<br>=4712 | 6283-4712<br>=1571 | വൗച്ചർ നം.22200993/ 11.1.23<br>(തനത് ഫണ്ട്) |
| 6 | മാതൃഭൂമി<br>321000088196/<br>3.12.22 | 32sq Cm | 257 | 32@257<br>=8224<br>15%ട്രേഡ് ഡിസ്കൗണ്ട് = 1234<br>8224-1234<br>=<br>6990 | 6990+<br>174.75<br>(Cgst)+<br>174.75<br>(Sgst)<br>=7340 | 24@257<br>=6168<br>15%ട്രേഡ് ഡിസ്കൗണ്ട് = 925<br>6168-925<br>=5243+<br>131.07+<br>131.07 | 7340-5505<br>=1835 | വൗച്ചർ നം.22200993/ 11.1.23<br>(തനത്ഫണ്ട്) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | =5505 | | |
| 7 | മാതൃഭൂമി 321000082799/ 19.11.22 | 32sq Cm | 257 | 32@257 =8224 15%ട്രേഡ് ഡിസ്കൗണ്ട്= 1234 8224-1234= 6990 | 6990+ 174.75 (Cgst)+ 174.75 (Sgst) =7340 | 24@257 = 6168 15% ട്രേഡ് ഡിസ്കൗണ്ട്= 925 6168-925 =5243+ 131.07+ 131.07 =5505 | 7340-5505 =1835 | വൗച്ചർ നം.22200993/ 11.1.23 (തനത് ഫണ്ട്) |
| 8 | മാതൃഭൂമി 321000078013/ 4.11.22 | 32sq Cm | 257 | 32@257 =8224 15%ട്രേഡ് ഡിസ്കൗണ്ട് = 1234 8224-1234 = 6990 | 6990+ 174.75(cgst)+ 174.75(sgst) =7340 | 24@257 =6168 15% ട്രേഡ് ഡിസ്കൗണ്ട് = 925 6168-925 =5243+ 131.07+ 131.07 =5505 | 7340-5505 =1835 | വൗച്ചർ നം.22200993/ 11.1.23 (തനത്ഫണ്ട്) |
| 9 | മാതൃഭൂമി 321000069964/ 3.12.22 | 32sq Cm | 257 | 32@257 =8224 15%ട്രേഡ് ഡിസ്കൗണ്ട് = 1234 8224-1234 = 6990 | 6990+ 174.75(cgst)+ 174.75(sgst) =7340 | 24@257 =6168 15%ട്രേഡ് ഡിസ്കൗണ്ട് = 925 6168-925 =5243+ 131.07+ 131.07 =5505 | 7340-5505 =1835 | വൗച്ചർ നം.22200993/ 11.1.23 (തനത്ഫണ്ട്) |
| 10 | മാതൃഭൂമി 321000096980/ 31.12.22 | 32sq Cm | 257 | 32@257=8224 15%ട്രേഡ് ഡിസ്കൗണ്ട്= 1234 8224-1234= 6990 | 6990+ 174.75(cgst)+ 174.75(sgst) =7340 | 24@257 =6168 15%ട്രേഡ് ഡിസ്കൗണ്ട്= 925 6168-925 =5243+ 131.07+ 131.07 =5505 | 7340-5505 =1835 | വൗച്ചർ നം. 22201140/ 17.2.23 (തനത് ഫണ്ട്) |
| ആകെ അധികം നൽകിയ തുക | | | | | | | 16,771/- | |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യം

പ്രസിദ്ധീകരിച്ച ഇനത്തിൽ 16,771/- രൂപയുടെ അധികച്ചെലവിനിടയായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/09.08.23)മറുപടി ഹാജരാക്കിയില്ല. 16,771/-രൂപ ബന്ധപ്പെട്ട പത്ര സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

3-2 പുളിച്ചുവട് വാതറ കാന നിർമ്മാണം - നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 184/22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | : | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | : | അനിതമ്മ അനിൽകുമാർ (4 A കൺസ്ട്രക്ഷൻസ്) |
| എം.ബുക്ക് | : | 116/21-22 |
| എഗ്രീഡ് പിഎസി | : | 4,43,495/- |
| പ്രവൃത്തി മൂല്യം | : | 4,05,944/- |
| ബിൽ നം. | : | 231/17.1.23 |

(1) മൂല്യ നിർണ്ണയത്തിലെ അപാകത – അധിക തുക നൽകി

പ്രസ്തുത പ്രവൃത്തിയുടെ അളവ് ബുക്കിൽ മൂല്യം നിർണ്ണയിച്ചതിലെ അപാകത മൂലം കരാറുകാരന് 1,506/- രൂപ അധികം നൽകിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇന വിവരം | തെറ്റായി മൂല്യം നിർണ്ണയിച്ച് നൽകിയത് | എം.ബുക്ക് പ്രകാരം കൂട്ടുമ്പോൾ ഉള്ളത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 405944 | 404668 | |
| (+) ജി.എസ്.റ്റി (18%) | 73070 | 72840 | |
| ആകെ | 479014 | 477508 | 1506 |

ക്രമ വിരുദ്ധമായി കരാറുകാരന് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

*(2) പൂർത്തീകരിച്ച പ്രവൃത്തിയ്ക്ക് വേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി*

13.4.22-ൽ കരാർ ചമച്ച പ്രസ്തുത പ്രവൃത്തിയ്ക്ക് 6 മാസത്തെ പൂർത്തീകരണ കാലയളവാണ് അനുവദിച്ചിരുന്നത്. ഇത് പ്രകാരം പ്രവൃത്തി 12.10.22-ൽ പൂർത്തീ കരിക്കേണ്ടതായിരുന്നു. എന്നാൽ

പ്രവൃത്തി പൂർത്തീകരിച്ചത് 26.12.22 ലാണ്. 13.4.22-ൽ കരാർ ചമച്ചെങ്കിലും സൈറ്റ് ഹാൻഡ് ഓവർ ചെയ്തതായി രേഖപ്പെടുത്തിയ തീയതി 12.9.22 യാണ്. സൈറ്റ് ഹാൻഡ് ഓവർ ചെയ്യുവാനുണ്ടായ കാലതാമസത്തിന്റെ കാരണം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടില്ല. ആദ്യം നിശ്ചയിച്ചതിൽ നിന്നും പ്രവൃത്തിയിൽ വ്യത്യാസം വന്നതിനാൽ പൂർത്തീകരണത്തിൽ കാലതാമസ്സം വന്നതായുള്ള കരാറുകാരന്റെ തീയതിയില്ലാത്ത അപേക്ഷ മാത്രമാണ് ഫയലിലുള്ളത്. ഇത് പ്രകാരം 28.12.22-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(2) തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി കാണുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം ടി പ്രവൃത്തി 26.12.22-ൽ പൂർത്തിയായിട്ടുള്ളതാണ്. പൂർത്തിയാക്കിയ പ്രവൃത്തിയ്ക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ളകാരണം വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം : 11/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരന് അധികമായി നൽകിയ 1,506/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 3-3 കൈതളായി വള്ളാട്ട് തോട് നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | : 53/23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : വി&വി അസോസിയേറ്റ്സ് |
| എം.ബുക്ക് | : 19/21-22 |
| എഗ്രീഡ് പിഎസി | : 3,08,692/- |
| പ്രവൃത്തി മൂല്യം | : 1,39,347/- |
| ബിൽ നം. | : 16/22.8.22 |

കൈതളായി വള്ളാട്ട് തോട് നവീകരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിക്ക് കരാറുകാരന് തുക അനുവദിച്ചത് 12% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119 പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%).

പ്രസ്തുത പ്രവൃത്തിയിൽ 100% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) ആയതിനാൽ ടി പ്രവർത്തിയിൽ 5% ജി.എസ്.റ്റി.യാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 12% GST അനുവദിച്ചതുമൂലം താഴെ പറയും പ്രകാരം അധികചെലവ് വന്നിട്ടുണ്ട്.

| ഇന വിവരം | നൽകിയത് | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 139347 | 139347 | |
| (+) ജി.എസ്.റ്റി | (12%) 16722 | (5%) 6967 | |

| | | | |
|---|---|---|---|
| ആകെ | 156069 | 146314 | 9755 |

ക്രമ വിരുദ്ധമായി അധിക തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/9.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 4,99,592 | പാലിയേറ്റീവ് പരിചരണം | 4,99,592 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 6,00,000 | അനുപൂരക പോഷകാഹാരം | 6,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 4,60,000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 4,60,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 1,00,000 | എസ്.സി സ്റ്റുഡൻസിന് പഠനമുറി | 1,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 1,50,000 | ആശ്രയ പദ്ധതി | 1,50,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 5,00,000 | പാലിന് സബ്സിഡി | 5,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 3,09,700 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 3,09,700 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 5,64,300 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 5,64,300 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 78,707 | ശ്മശാനം നവീകരണം | 78,707 | 0 |
| ആകെ | | | | 32,62,299 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,74,513 | അനുപൂരക | 2,74,513 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പോഷകാഹാരം | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,20,000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 4,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 63,600 | ടോയ്‌ലറ്റ് മെയിന്റനൻസ് | 63,600 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000 | ആശ്രയ പദ്ധതി | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 82,900 | ചെരുവിൽ പാട്ടുകുളങ്ങര റോഡിന് കാന നിർമ്മാണം(വാർഡ് 3) | 82,900 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 43,522 | തുരുത്തിപ്പള്ളി ആശുപത്രി കാന നിർമ്മാണം | 43,522 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,11,807 | വിവിധ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മാണം | 2,11,807 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,61,800 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,61,800 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 8,00,000 | ലൈഫ് ഭവന പദ്ധതി 2020 (എസ്.സി) | 8,00,000 | 0 |
| ആകെ | | | | 24,58,142 | |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 14,80,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ

തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ ജനറൽ | ലഭ്യമാക്കിയില്ല | 14,80,000 | *54,956,000.00* | 53,42,907 | 5,10,93,093 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3,961,746.00 |
| തൻ വർഷം നിക്ഷേപിച്ച തുക | 2,75,875 |
| ആകെ | 42,37,621 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 42,37,621 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 83,737/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1999-2000 | 26(b) | 120 | ലാലി വർഗ്ഗീസ് | 1220101325, 13.09.2022 |
| 1999-2000 | 28 | 800 | സെക്രട്ടറി | 1220101326, 13.09.2022 |
| 1999-2000 | 30 | 3,072 | സി.കെ.മനോഹരൻ | 1220101327, 13.09.2022 |
| 1999-2000 | 34 | 300 | സി.കെ.മനോഹരൻ | 1220101328, 13.09.2022 |

| | | | | |
|---|---|---|---|---|
| 2002-03 | 2(1). | 990 | സെക്രട്ടറി | 1220101329, 13.09.2022 |
| 2006-07 | 3(9)b | 178 | സെക്രട്ടറി | 1220101333, 13.09.2022 |
| 2006-07 | 3(9)c | 1640 | സെക്രട്ടറി | 1220101334, 13.09.2022 |
| 2009-10 | 3(3) | 2602 | സെക്രട്ടറി | 1220101335, 13.09.2022 |
| 2010-11 | 2(4) | 470 | സെക്രട്ടറി | 1220101336, 13.09.2022 |
| 2014-15 | 2-4(2) | 39 | സുരേഷ്, നായ്ക്കപ്പറമ്പ് | 1220101337, 13.09.2022 |
| 2019-20 | 1(25) | 4000 | വി.ഇ.ഒ | 1220102196, 21.11.2022 |
| 2006-07 | 3.(18), 20 | 50600 | ഡോ.ജിജിഭായ് | 1220104190, 14.03.2023 |
| 1996-97 | 27 | 1087 | ആർ.രാജ് പ്രദീപ് | 1220101191, 19.08.2022 |
| 1999-2000 | 26(A) | 300 | കെ.ഗോപാലകൃഷ്ണൻ | 1220101248, 26.08.2022 |
| 2021-22 | Enq. 1 | 1 | സന്ധ്യ, ക്ലാർക്ക് | 1220102627, 23.12.2022 |
| 2021-22 | Enq.N0. 19 | 5651 | അജിത്ത് വർഗ്ഗീസ് | 1220102642, 26.12.2022 |
| 2021-22 | Enq.No.18 | 10887 | അസിസ്റ്റന്റ് എൻജിനീയർ | 1220102643, 26.12.2022 |
| 2019-20 | Enq.No.20 | 1000 | പി.ജി.ഗോപിനാഥൻ | 1220102650, 26.12.2022 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ്

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1) | 2016-17 | 2(2) | തൊഴിൽ നികുതി | ഈടാക്കി ഓഡിറ്റിനെ അറിയിച്ചിട്ടുള്ളതാണ്. |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,22,10,877 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,47,71,519 |
| വരവിനങ്ങളിലുള്ള നഷ്ടം | 27,628/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,032 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,25,235 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 5,000 | | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |
| 2-2 | 8,877 | | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |
| 2-3 | 13,751 | | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-1 | | 16,771 | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |
| 3-2 | | 1,506 | ശ്രീമതി ലീന ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 9,755 | ശ്രീമതി ലീന ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 27,628 | 28,032 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,91,361 | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |
| 1-21 | 91,087 | ശ്രീ.ഗോപാലകൃഷ്ണൻ എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 6,25,000 | ഡോ.ലിറ്റി എം.ചെറിയാൻ,വെറ്ററിനറി സർജൻ |
| 1-23 | 75,800 | ശ്രീമതി ഗീതാകുമാരി, സെക്രട്ടറി |
| 1-25 | 41,987 | ശ്രീമതി അനില ശശിധരൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 10,25,235 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗീതാകുമാരി, സെക്രട്ടറി | വിരമിച്ചു | വൈശാഖം, ചാരമംഗലം എസ്.എൻ പുരം പി.ഒ., ആലപ്പുഴ |
| ശ്രീ.ഗോപാലകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി, | ശ്രീലക്ഷ്മി, |

| | | |
|---|---|---|
| എസ്., അസിസ്റ്റന്റ് സെക്രട്ടറി | കഞ്ഞിക്കുഴി പഞ്ചായത്ത് | മാരാരിക്കുളം നോർത്ത് പി.ഒ., ആലപ്പുഴ |
| ശ്രീമതി ലീന ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കഞ്ഞിക്കുഴി പഞ്ചായത്ത് | നിവേദ്യം, തൈക്കാട്ടുശ്ശേരി പി.ഒ., ചേർത്തല |
| ഡോ.ലിറ്റി എം.ചെറിയാൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ കഞ്ഞിക്കുഴി പഞ്ചായത്ത് | മുണ്ടയ്ക്കൽ ഹൌസ്, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ |
| ശ്രീമതി അനില ശശിധരൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ കഞ്ഞിക്കുഴി പഞ്ചായത്ത് | പുലരി, കൊറ്റംകുളങ്ങര വാർഡ് അവലൂക്കുന്ന് പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5-1832/2011/12.2.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/2013/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-48/2013/7.2.13/10.4.13 |
| 2012-13 | എൽ.എഫ്.എ.പി11-79/2015/26.3.15/5.5.15 |
| 2013-14 | എൽ.എഫ്.എ.പി.ഇസെഡ്.പി11-678/2015/ |
| 2014-15 | കെ.എസ്.എ.എൽ.പി-പി11/550/2016/31.5.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ.എൽ.പി-പി11/564/2016/6.1.17 |
| 2016-17 | കെ.എസ്.എ.എൽ.പി-പി11/1048/2017/ |
| 2017-18 | കെ.എസ്.എ.എൽ.പി-പി11/1552/2018/5.1.19 |
| 2018-19 | കെ.എസ്.എ.എൽ.പി-പി11/1114/2019/13.3.2020 |
| 2019-20 | കെ.എസ്.എ.എൽ.പി-പി11/528/2021/30.06.2021 |
| 2020-21 | കെ.എസ്.എ.എൽ.പി-പി11/253/2022/24.02.2022 |
| 2021-22 | കെ.എസ്.എ.എൽ.പി-പി11/1691/2022/23.02.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 10-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanjikkuzhy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanjikkuzhy Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Kanjikkuzhy Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2) Cash flow statement Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.
3)Current year in socio economic unit for the project named Baby friendly toilet, Anganvadi No.42 ,ward 8 (project No.232/23) Rs.1,91,361 /- hasbeen invested for deposit works. The utilisation certificate has not

been provided after completion of the work. The amount has not been included in the scheduled B-18 of the Balance Sheet.

4.The expenditure amount as per ACR is 66,34,867/- in the maintenance grant (non-road) fund and Rs. 5,133/- remaining. The expenditure amount as per annual financial statement is Rs. 66,16,708/-, after deducting the balance is Rs.23,292/-. Difference -18,159/-Rs.

5.The amount of investment in fixed deposits for this year is Rs.39,61,746/-. 2,80,832/- in respect of interest for the current year. However, in the balance sheet in Schedule-B-12, the amount recorded is Rs. 42,37,621. The actual balance (deposit amount (+) interest) is Rs.42,42,578/-.

6. Contractors Retention Income as per Annual Financial statement (Schedule RP 33) is Rs.61,589/- and as per Register Rs.97,884/-.

Suppliers Retention Income as per Annual Financial statement (Schedule RP 33) is Rs.25,521/- and as per Register Rs.70,152/-.

Deposits Received for Halls & Auditoriums income as per annual financial statement (Schedule RP 33 (R)) is Rs.26,000/- and as per register Rs.31,000/-. The expenditure under this item is Rs.15,000/- per annual financial statement (Schedule RP 33 (P)) and Rs.20,000/- per register.

7.Demand entries are not recorded in time. Demand entry is made in the ledger of property tax, profession tax, license etc.

8.As per the statement from MGNREGS section , the total expenditure for this year is Rs.12,32,81,000/-. But total revenue expenditure (Rs. 11,74,97,864/-) and amount as per Capital Contribution Ledger (Rs. 57,99,056/-) as per Schedule I-6 of Annual Financial Statement Income & Expenditure Statement is seen to be Rs.12,32,96,920/-.

10.The audit could not verify the correctness of the amounts included in the annual financial statement in this category as the DCB was not recorded in the Building Permit Register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്